പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3282    16.12. 2015- ലെ മറുപടി

## ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) – എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം | ബി) തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയും മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നൽകുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുക, തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക എന്നതും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്. |

| | |
|---|---|
| സി)ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് | സി) പദ്ധതി നടത്തിപ്പിനായി കാനറാ ബാങ്ക് , സൗത്ത് ഇന്ത്യൻ ബാങ്ക് , യൂണിയൻ ബാങ്ക് എന്നിവയുമായി നോർക്ക – റൂട്ട്സ് ധാരണാപത്രത്തിലൊപ്പുവച്ചിട്ടുണ്ട്. ലഭിക്കുന്ന അപേക്ഷകൾ നോർക്ക – റൂട്ട്സ് പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി അതത് ജില്ലകളിൽ വച്ച് ബാങ്കുകളെ കൂടി ഉൾപ്പെടുത്തി ഗുണഭോക്താക്കളുമായി കൂടിക്കാഴ്ച നടത്തിയാണ് വായ്പ ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ

8